ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1100/2015 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 143, 147, 148, 149, 323, 427, 324, 294(ബി) എന്നീ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത്.

**നഴ്സിംഗ് നിയമന തട്ടിപ്പ്**

110(5699) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുവൈറ്റിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്ത് തട്ടിപ്പ് നടത്തിയ അൽശഫ ട്രാവൽ ആൻഡ് മാൻ പവർ കൺസൾട്ടൻസി എന്ന സ്ഥാപനം അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ നിന്നും പോലീസിന് പരാതി ലഭിച്ചിരുന്നോ ;

(ബി) എത്ര പരാതി ലഭിച്ചുവെന്നും ഇത് സംബന്ധിച്ച് ആദ്യ പരാതി ലഭിച്ചത് എന്നാണെന്നും അറിയിക്കുമോ ; ഈ പരാതികളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) അൽശഫ ട്രാവൽ ആന്റ് മാൻ പവർ കൺസൾട്ടൻസി എന്ന സ്ഥാപനം അമിത ഫീസ് ഈടാക്കി കുവൈറ്റിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്ത സംഭവം സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

**അരൂരിൽ ഫയർ സ്റ്റേഷൻ**

111(5700) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ പോലീസ് സ്റ്റേഷൻ നിന്നിരുന്ന സ്ഥലത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വ്യവസായ-ആഭ്യന്തര മന്ത്രിമാരുടെയും സ്ഥലം എം.എൽ.എ.-യുടെയും വകുപ്പുതലവൻമാരുടെയും യോഗം തീരുമാനിച്ചിരുന്നോ ;

(ബി) അത് പ്രകാരം എന്തെല്ലാം നടപടികളാണ് ഫയർ ആന്റ് റെസ്ക്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ അരൂർ പോലീസ് സ്റ്റേഷൻ ചന്തിരൂരിലേക്ക് മാറ്റിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് അസോസിയേഷൻ നിർമ്മിച്ചു നൽകാമെന്ന് തീരുമാനിച്ചിട്ടുള്ള പ്രസ്തുത ഫയർ സ്റ്റേഷന് ഫർണിച്ചർ, വാഹനങ്ങൾ, സ്റ്റാഫ് മറ്റ് സൗകര്യങ്ങൾ തുടങ്ങിയവ എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അസോസിയേഷൻ ഫയർ സ്റ്റേഷൻ നിർമ്മിച്ച് നൽകുകയാണെങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷന്, വാഹനങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ്, മറ്റു സൗകര്യങ്ങൾ എന്നിവ അനുവദിച്ചു നൽകുന്നതാണ്.

**ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ സാന്ത്വന പരിചരണം**

112(5701) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ ;

(ബി) ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സമൂഹത്തിലെ പരിചരണം ആവശ്യമായി വരുന്നവർക്ക് സാന്ത്വന പരിചരണം (പാലിയേറ്റീവ് കെയർ) ഉൾപ്പെടെയുള്ള മേഖലകളിൽ ഇടപെടുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ;

(സി) സമൂഹത്തെ ബാധിക്കുന്ന മദ്യ-മയക്കുമരുന്നുപയോഗത്തിനെതിരെ ബോധവൽക്കരണമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ജനമൈത്രി പോലീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly